**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷികമേഖല ശാക്തീകരിക്കുന്നതിന് പ്രത്യേകിച്ച് ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2016 മേയ് മാസം മുതൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ കാർഷിക മേഖലയെ ശാക്തീകരിക്കാനും സ്വയംപര്യാപ്തമാക്കുവാനും വേണ്ടി സംസ്ഥാന കൃഷി വകുപ്പ് ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷ്യോത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും വേണ്ടി തരിശു നില കൃഷി, കേരഗ്രാമം പദ്ധതി, കൃഷിയിടാധിഷ്ഠിത ഉല്പാദന പരിപാടികൾ,നെൽകൃഷി വികസനം, വിള വൈവിധ്യവൽകരണത്തിനുള്ള പദ്ധതി, എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനും, കേരള ജനതയ്ക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും, കാർഷികോല്പന്നങ്ങളുടെ സ്വയം പര്യാപ്തത നേടുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധം(1) ആയി ചേർക്കുന്നു.**<br><br>**എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ജനകീയ ക്യാമ്പയിനായ "ഞങ്ങളും കൃഷിയിലേയ്ക്ക്", പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' പദ്ധതികൾ, കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായി സംസ്ഥാന സർക്കാർ 2020-** |

| | | | |
|---|---|---|---|
| | | | **21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതി എന്നിവയും നടപ്പിലാക്കി.** |
| (ബി) | വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ 2016 മേയ് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | **സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികളുടെയും പഴങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് കാർഷികവികസന കർഷകക്ഷേമവകുപ്പ് വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും 2016 മുതൽ നടപ്പിലാക്കുന്നുണ്ട്. "പച്ചക്കറി വികസന പദ്ധതി", ഞങ്ങളും കൃഷിയിലേക്ക്, പോഷക സമൃദ്ധി മിഷൻ, കൃഷി സമൃദ്ധി, സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി,ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന , ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി, നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് പദ്ധതി എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.**<br><br>**സംസ്ഥാനത്ത് സുരക്ഷിത പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായും, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതും ലക്ഷ്യമിട്ട് 2016 സാമ്പത്തിക വർഷത്തിലും തുടർന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം(2) ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

ഭക്ഷ്യോത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി വിളകൾ, സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ നിലവിലുള്ള വിസ്തൃതി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് **കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതി, തരിശു നില കൃഷി** എന്നിവ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ **കേരഗ്രാമം**, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിന് തടം തുറക്കൽ, വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയ്ക്കായുള്ള പദ്ധതി എന്നിവ 2016-17 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി പരമ്പരാഗതമായി തുടർന്ന് വന്നിരുന്ന വിളയധിഷ്ഠിത സമീപനത്തിൽ നിന്നും വിഭിന്നമായി കൃഷിയിടാധിഷ്ഠിത ആസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച **'കൃഷിയിടാധിഷ്ഠിത ഉല്പാദന പരിപാടികൾ** 2022 മുതൽ തുടർന്നു വരുന്നു. ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി ഈ പദ്ധതികൾ സഹായകരമാകുന്നു. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങൾക്കായി കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിനു പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിപണി വികസനത്തിനുള്ള പദ്ധതികൾ, വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം, കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - ബേസ് പ്രൈസ് പദ്ധതി, വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനമായ 50 **കൃഷിശ്രീ സെന്ററുകൾ** ആരംഭിച്ചു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി ക്ഷാമം മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ ഓഫീസ്

സംവിധാനം, AIMS പോർട്ടൽ, K SWIFT, KATHIR ആപ്ലിക്കേഷൻ തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നു.

കൃഷിയ്ക്ക് ആവശ്യമായ ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ വകുപ്പുതല ലാബുകൾക്ക് സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പ്രത്യേകപദ്ധതികളാണ് **നെൽകൃഷി വികസനവും, വിള വൈവിധ്യവൽകരണത്തിനുള്ള പദ്ധതിയും**. ഗ്രൂപ്പ് ഫാർമിംഗ്/കൂട്ടുകൃഷിയ്ക്കുള്ള സഹായം, നെൽകൃഷി വിസ്തൃതി വർദ്ധനവ്, നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി, തരിശു നില കൃഷി പ്രോത്സാഹനം, രജിസ്റ്റേഡ് വിത്ത് ഉല്പാദനം, സൂക്ഷ്മമൂലകങ്ങളുടെ പത്രപോഷണം, പ്രോജക്ട് അടിസ്ഥാനത്തിൽ പാടശേഖര വികസന പദ്ധതിയിൽ നടപ്പിലാക്കുന്നു. ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയും "വിള വൈവിധ്യവൽകരണം, വിളതീവ്രത, അവതരണം" എന്നതും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനും, കേരള ജനതയ്ക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും, കാർഷികോല്പന്നങ്ങളുടെ സ്വയം പര്യാപ്തത നേടുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

സംസ്ഥാനത്ത് സുരക്ഷിത പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായും, പച്ചക്കറി ഉല്പ്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് 2016 സാമ്പത്തിക വർഷത്തിലും തുടർന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **"പച്ചക്കറി വികസന പദ്ധതി",** ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ **സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതികൾ** ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയെ കൂടാതെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം, ബഹു. മുഖ്യമന്ത്രിയുടെ രണ്ടാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഞങ്ങളും കൃഷിയിലേക്ക്, കൃഷി വകുപ്പും, മറ്റ് അനുബന്ധ വകുപ്പുകളുടെയും സംയോജനത്തിലൂടെ 2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നടപ്പിലാക്കി വരുന്ന **പോഷക സമൃദ്ധി മിഷൻ**, 107 പഞ്ചായത്തുകൾക്കു പ്രാധാന്യം നൽകി കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി **കൃഷി സമൃദ്ധി** എന്നീ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ **സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം** പദ്ധതിയുടെ ഭാഗമായി 100/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങൾ അടങ്ങിയ ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന ഒരു കോടി സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തി വരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 10/- രൂപ വില വരുന്ന 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ദീർഘകാല വിളകളായ അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നിവയുടെ 15/- രൂപ വില വരുന്ന ഒരു ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നു.

ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിയ്ക്കായി 8000 യൂണിറ്റ് മൺചട്ടി/HDPE ചട്ടികളിൽ 25 വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് നൽകുന്നു. സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ, അങ്കണവാടികൾ എന്നിവിടങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് ഒരു ലക്ഷം രൂപ ധനസഹായത്തിൽ 100 ഹെക്ടർ സ്ഥലത്ത് **കൃത്യതാ കൃഷി** നടപ്പിലാക്കുന്നു. ഇതു കൂടാതെ കുറഞ്ഞത് 3 മുതൽ 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ക്ലസ്റ്റർ ഘടകത്തിൽ ഉൾപ്പെടുത്തി 1.25 ലക്ഷം രൂപ നിരക്കിൽ 800 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകി വരുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപയും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന്

10,000/- രൂപ ധനസഹായം നൽകി വരുന്നു.

വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുക, കാർഷികോല്പാദനത്തിൽ സ്വാശ്രയത്വം നേടുക, ജലസംരക്ഷണം ഉറപ്പാക്കുക, കാർഷിക ജൈവവൈവിധ്യവും സസ്യ ജൈവ വൈവിധ്യവും സംരക്ഷിക്കുക, കൃഷി, കന്നുകാലി പരിപാലനം, മീൻ വളർത്തൽ, കോഴി, താറാവ് വളർത്തൽ, തേനീച്ച വളർത്തൽ എന്നിവയടങ്ങിയ സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ജൈവ കാർഷിക നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങി.

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി എൻ.പി.ഒ.പി സർട്ടിഫിക്കേഷൻ (ഫാം സ്കോപ്പ് സർട്ടിഫിക്കേഷൻ, പ്രോസസ്സിംഗ് സ്കോപ്പ്, ട്രെയ്ഡ് സ്കോപ്പ്, മഷ്റൂം സ്കോപ്പ്) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖാന്തരം കർഷകർക്ക് നൽകി വരുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരെയും കൃഷിക്കൂട്ടായ്മകളെയും ക്ലസ്റ്ററുകളാക്കി പരിശീലന പരിപാടി/ ഉത്പാദനോപാധികളുടെ സംഭരണം/ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ/ പോഷക പരിപാലന രീതികൾ/ പച്ചിലവളങ്ങളുടെ ഉപയോഗവും സ്വീകാര്യതയും മെച്ചപ്പെടുത്തൽ, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കുന്നതിനും, ജൈവ സാക്ഷ്യ പത്രം ലഭിച്ച ഉല്പന്നങ്ങൾക്ക് 10% പ്രൈസ് ഇൻസെന്റീവ് നൽകുന്നതിനും, ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിനായി ലോജിസ്റ്റിക് സൗകര്യം ഒരുക്കുന്നതിനും, Keralagro-Organic, Keralagro-Green എന്നീ ബ്രാൻഡുകളിൽ വിപണനം നടത്തുന്നതിനും, മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ജൈവ ഉല്പാദനദോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾക്കു അധിക പിന്തുണ എന്ന ഘടകങ്ങൾ ഈ പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭാരതീയ പ്രകൃതിക് കൃഷി** പദ്ധതി മുഖേന സംസ്ഥാനത്തു 14 ജില്ലകളിലായി 82000 ഹെക്ടർ വിസ്തൃതിയിൽ 164 ക്ലസ്റ്ററുകളിലായി നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതി പ്രകാരം ഓരോ ക്ലസ്റ്ററിനും ലഭിക്കുന്നു.

പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പഠനയാത്രകൾ, കാര്യശേഷി വികസന പരിശീലനം, കിസാൻ മേള പോലുള്ള പ്രോത്സാഹന പ്രചരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടി മോഡൽ പ്ലോട്ടുകളും, അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ടി

പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി, വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)** രണ്ട് വർഷം തുടർച്ചയായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകളിലായി 5100 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി കൃഷി നടപ്പിലാക്കി വരുന്നു. പ്രകൃതി കൃഷി കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് പരിശീലനപരിപാടികൾ നടത്തി വരുന്നു, കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട BRC (Bio-Input Resource Centre) കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തു സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ തുടങ്ങിയവ ലക്ഷ്യമിട്ട് ജൈവ കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ട്. ജൈവ കൃഷി മിഷന്റെ ഭാഗമായി ജൈവ കൃഷി വ്യാപകമാക്കുന്നതിനു പദ്ധതിയുണ്ട്. ജൈവ കാർഷിക മിഷന്റെ ആദ്യ ഘട്ടത്തിൽ ജൈവ കൃഷിത്തോട്ട മാതൃകകൾ സൃഷ്ടിക്കുകയും തുടർന്ന് ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് മിഷന്റെ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്നത്.

മേൽ പറഞ്ഞവ കൂടാതെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനായി പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറികളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ടങ്ങളുടെ പരിശോധന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന **'സേഫ് ടു ഈറ്റ്' പദ്ധതി** പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ നടത്തി വരുന്നു. പ്രസ്തുത കീടനാശിനി അവശിഷ്ട വിഷാംശ റിപ്പോർട്ട് പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി www.kerala.gov.in, www.prral.kau.in എന്നീ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. തുടർച്ചയായി കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് വഴി കീടനാശിനി സാന്നിധ്യം കൂടുതൽ കണ്ടെത്തുന്ന പച്ചക്കറികൾ മനസിലാക്കുവാനുള്ള അവസരം ജനങ്ങൾക്കും കർഷകർക്കും ലഭിക്കുന്നു. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ തിരുവനന്തപുരം വെള്ളായണി, തൃശ്ശൂർ വെള്ളാണിക്കര, കാസർഗോഡ്, കോട്ടയം ആർ.എ.ആർ.എസ്. എന്നിവിടങ്ങളിലാണ് ലാബുകൾ പ്രവർത്തിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**